# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

10.06.2019-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1035

## നെയ്യാർ ജലസംഭരണിയിൽ നിന്ന് അരുവിക്കരയിലേക്ക് വെള്ളം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | 2017- ൽ തലസ്ഥാനത്ത് ഗുരുതരമായ ശുദ്ധജലക്ഷാമം നേരിട്ടപ്പോൾ അടിയന്തര സാഹചര്യം കണക്കിലെടുത്ത് നെയ്യാർ ജലസംഭരണിയിൽ നിന്നും അരുവിക്കരയിലേക്ക് വെള്ളം എത്തിക്കുന്ന പദ്ധതി നടപ്പിലാക്കിയിരുന്നോ ; | (എ) | അതെ |
| (ബി) | പ്രസ്തുത പദ്ധതി ടെൻഡർ നടപടി ഒഴിവാക്കിയാണോ നടപ്പിലാക്കിയത്; വ്യക്തമാക്കാമോ; | (ബി)<br>&<br>(സി) | 29.04.2017 ലെ സർക്കാർ ഉത്തരവ് സ.ഉ.(സാ.ധാ.) നമ്പർ 379 /17 /ജ.വി.വ. പ്രകാരം നെയ്യാർ ജലസംഭരണിയിൽ നിന്നും കരമനയാറ്റിലേക്ക് വെള്ളം എത്തിക്കുന്ന പ്രവർത്തികൾ നിർവഹിക്കുന്നതിന് സാധാരണ ദർഘാസ് നടപടിക്രമങ്ങൾ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവ് പ്രകാരം 6 കോടി രൂപയാണ് അനുവദിച്ചത്. ആയതിൽ നിന്നും 2,88,08,980/-രൂപ (രണ്ടു കോടി എൻപത്തിയെട്ട് ലക്ഷത്തി എണ്ണായിരത്തി തൊള്ളായിരത്തി എൻപത് രൂപ മാത്രം) യാണ് ചെലവായത്. |
| (സി) | പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ; | | |
| (ഡി) | നെയ്യാർ ജലസംഭരണിയിൽ നിന്നും അരുവിക്കരയിലേക്ക് വെള്ളമെത്തിക്കുന്ന പദ്ധതി സ്ഥിരം സംവിധാനമാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | നെയ്യാറിൽ നിന്നും അരുവിക്കരയിലേക്ക് വെള്ളമെത്തിക്കുന്ന പദ്ധതി സ്ഥിരം സംവിധാനമാക്കുന്നതിനു നിലവിൽ ആലോചനയില്ല. എന്നാൽ അടിയന്തിര ഘട്ടത്തിൽ വലിയ പ്രയാസം കൂടാതെ തന്നെ |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | നെയ്യാറിൽ നിന്നും കരമനയാറിലേക്ക് ജലമെത്തിക്കുവാൻ സാധിക്കുന്നതാണ്.നെയ്യാർ ഡാമിനടുത്തായി 120 MLD ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിച്ച് അവിടെ നിന്നും 100 MLD ജലം തിരുവനന്തപുരം നഗരത്തിനും 20 MLD ജലം മറുകിൽ, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്കും എത്തിക്കുന്നതിനുള്ള ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ചു. ദർഘാസുകളുടെ സൂക്ഷ്മ പരിശോധന നടന്നു വരുന്നു |

**സെക്ഷൻ ഓഫീസർ**